12
വെള്ളി
മെയ് 2023
1198 മേടം 28
പേജ് 14, വില ₹ 8.50
**തിരുവനന്തപുരം**
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com




◀ ഡോ. വന്ദനയുടെ മൃതദേഹത്തിന് അരികിൽ പൊട്ടിക്കരയുന്ന അമ്മ വസന്തകുമാരി ഫോട്ടോ: ജിഷ്ണു പൊന്നപ്പൻ

# മണ്ണിലലിഞ്ഞു, കണ്ണീർപ്പൂവായ്

**പി സി പ്രശോഭ്**

**മുട്ടുചിറ (കോട്ടയം)**

ഉയരങ്ങൾ സ്വപ്നം കണ്ടവൾ നാടിന്റെ കണ്ണീർപ്പൂവായി കൊഴിഞ്ഞു. മുട്ടുചിറയിലെ വീട്ടുവളപ്പിലൊരുക്കിയ ചിതയിൽ ആ ശരീരം ആളിക്കത്തിയപ്പോൾ കെട്ടത് നാടിന്റെയും വീടിന്റെയും വിളക്കാണ്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ക്രൂരമായി കൊല്ലപ്പെട്ട ഹൗസ് സർജൻ ഡോ. വന്ദന ദാസിന് ജന്മനാട് കണ്ണീരോടെ വിടനൽകി. വ്യാഴം പകൽ 2.30ന് വീട്ടുവളപ്പിലായിരുന്നു സംസ്കാരം. വന്ദനയുടെ അമ്മാവൻ വിനോദിന്റെ മകൻ പന്ത്രണ്ടുകാരനായ നിവേദ് ചിതക്ക് തീകൊളുത്തി.

'കണ്ണ് തുറക്ക്മോളേ' എന്ന അമ്മ വസന്തകുമാരിയുടെ അലറിക്കരച്ചിലിൽ നാടാകെ നനഞ്ഞു. തളർന്നുവീണ വസന്തകുമാരിയെയും കരച്ചിലടക്കാൻ കഴിയാതിരുന്ന അച്ഛൻ മോഹൻദാസിനെയും ബന്ധുക്കൾ താങ്ങി വീടിനുള്ളിലേക്ക് കൊണ്ടുപോയി.

നാട്ടിലെ സ്കൂളിലും അസീസിയ മെഡിക്കൽ കോളേജിലും വന്ദന ദാസിനൊപ്പം പഠിച്ചവർ പ്രിയപ്പെട്ടവളെ അവസാനമായി കാണാൻ ഓടിയെത്തി. അതിരാവിലെ വീട്ടിലെത്തിയ ആരോഗ്യമന്ത്രി വീണാ ജോർജ് വന്ദനയുടെ അമ്മയുടെ കൈചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. വികാരാധീനയായി കരഞ്ഞു. മന്ത്രി വി എൻ വാസവൻ, സ്പീക്കർ എ എൻ ഷംസീർ, മുതിർന്ന സിപിഐ എം നേതാവ് വൈക്കം വിശ്വൻ, ജനാധിപത്യ മഹിളാ അസോസിയേഷൻ അഖിലേന്ത്യാ പ്രസിഡന്റ് പി കെ ശ്രീമതി, നടൻ മമ്മൂട്ടി, സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗം അഡ്വ. കെ അനിൽകുമാർ, എംപിമാരായ ജോസ് കെ മാണി, തോമസ് ചാഴികാടൻ, മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സൂസൻ കോടി, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കേന്ദ്രമന്ത്രി വി മുരളീധരൻ എന്നിവർ അന്ത്യാഞ്ജലി അർപ്പിക്കാനെത്തി.

**ഓർഡിനൻസ് അടുത്ത മന്ത്രിസഭാ യോഗത്തിൽ**

# ആശുപത്രികളിൽ സുരക്ഷാ ഓഡിറ്റ്

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി സെക്യൂരിറ്റി ഓഡിറ്റ്. കലക്ടറുടെയും പൊലീസ്, ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ ഓരോ ആറു മാസത്തിലും സെക്യൂരിറ്റി ഓഡിറ്റുണ്ടാകും. ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിന്റെ സാഹചര്യത്തിൽ മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗത്തിലാണ് തീരുമാനം. ഏതെല്ലാം മേഖലകളിൽ സുരക്ഷ ശക്തമാക്കണമെന്നതിൽ റിപ്പോർട്ട് തയ്യാറാക്കും. ആശുപത്രി സംരക്ഷണ നിയമം ഭേദഗതിചെയ്യും. ഓർഡിനൻസ് അടുത്ത മന്ത്രിസഭാ യോഗത്തിലുണ്ടാകും.

2012ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുമുള്ള നാശം തടയൽ) നിയമം കൂടുതൽ കർശനമാക്കും. നിലവിലുള്ള നിയമത്തിൽ ആരോഗ്യസ്ഥാപനങ്ങൾ, ആരോഗ്യപ്രവർത്തകർ എന്നീ നിർവചനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, ശിക്ഷകൾ തുടങ്ങിയവയിൽ ഭേദഗതിയുണ്ടാകും. ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ സെക്രട്ടറി എന്നിവർ ഇതുസംബന്ധിച്ച ചർച്ച നടത്തും. നിർദേശങ്ങൾ മന്ത്രിസഭയ്ക്ക് കൈമാറും. കേരള ആരോഗ്യ സർവകലാശാല, ആരോഗ്യപ്രവർത്തകരുടെ സംഘടനകൾ തുടങ്ങിയവരുമായും ചർച്ച നടത്തും. ഡോക്ടർമാർ, മെഡി. വിദ്യാർഥികളുടെ സംഘടനകൾ എന്നിവരുടെ നിർദേശങ്ങളും പരിഗണിക്കും. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച് ആരോഗ്യ– ആഭ്യന്തര വകുപ്പുകൾ നടപടിയെടുക്കാനും മുഖ്യമന്ത്രി നിർദേശിച്ചു.

ആരോഗ്യമന്ത്രി വീണാ ജോർജ് ഓൺലൈനായി പങ്കെടുത്തു. ചീഫ് സെക്രട്ടറി വി പി ജോയ്, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി വേണു, സംസ്ഥാന പൊലീസ് മേധാവി അനിൽകാന്ത്, ഡോ. കെ എം എബ്രഹാം, എ പി എം മുഹമ്മദ് ഹനീഷ്, ടിങ്കു ബിസ്വാൾ, എം ആർ അജിത് കുമാർ, ടി കെ വിനോദ് കുമാർ, ഹരി നായർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## യോഗ തീരുമാനങ്ങൾ

- **ആശുപത്രികളെ മൂന്നു വിഭാഗമായി തിരിച്ച് സുരക്ഷാ സംവിധാനമൊരുക്കും**
- **മെഡിക്കൽ കോളജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ എന്നിവിടങ്ങളിൽ പൊലീസ് ഔട്ട്പോസ്റ്റുകൾ. ഇവിടങ്ങളിൽ എസ്ഐ, എഎസ്ഐ, സിപിഒ റാങ്കിലുള്ളവരെ വിന്യസിക്കും**
- **ആശുപത്രികളിൽ പൊലീസിന്റെ പൂർണ നിരീക്ഷണം**
- **എല്ലാ ആശുപത്രികളിലും സിസിടിവി കാമറ സ്ഥാപിക്കും**
- **അത്യാഹിത വിഭാഗങ്ങളിൽ രാത്രി രണ്ടു ഡോക്ടർമാരെ നിയമിക്കുന്നത് പരിഗണിക്കും**
- **പ്രതികളെയും അക്രമ സ്വഭാവമുള്ള ആളുകളെയും കൊണ്ടുപോകുമ്പോൾ പ്രത്യേക സുരക്ഷാ സംവിധാനം**
- **ആശുപത്രികളിലും പരിസരത്തും തിരക്ക് നിയന്ത്രിക്കാൻ നടപടി**

## പുതിയ ബ്ലോക്കിന് വന്ദനയുടെ പേര്

**തിരുവനന്തപുരം**



കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന് ഡോ. വന്ദന ദാസിന്റെ പേര് നൽകും. വന്ദനയോടുള്ള ആദര സൂചകമായാണിത്. നിർദേശം ആരോഗ്യമന്ത്രി വീണാ ജോർജ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകി.

## ഡോക്ടർമാർ സമരം പിൻവലിച്ചു

**തിരുവനന്തപുരം**

ആരോഗ്യപ്രവർത്തകരുടെ സംരക്ഷണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ ഉറപ്പിൽ ഡോക്ടർമാരുടെ സമരം പിൻവലിക്കുന്നതായി കെജിഎംഒഎയും ഐഎംഎയും അറിയിച്ചു. വ്യാഴാഴ്ച മുഖ്യമന്ത്രി ഡോക്ടർമാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. വൈകിട്ട് ഉന്നതതല യോഗവും ചേർന്നു. തുടർന്നാണ് സമരം പിൻവലിച്ചത്.

















